കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3/29/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 01.02.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പരിയാരം ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം:- പരിയാരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ മുഖേന)

3) കാര്യാലയ പകർപ്പ്

.

നം കെ. എസ്. എ. /കെ.എൻ.ആർ./സി.3/29/2019 തീയതി : 01.02 .2019

# കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ
# 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള
# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*********

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07-2017 മുതൽ 07-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|

| | | |
|---|---|---|
| സമയം | | |
| 10-12-2018 മുതൽ 24-12-2018 വരെ | ശ്രീ.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ധന്യ എം.വി | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.രാജേഷ് | 1-4-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | കെ.എസ്.മോഹനൻ | 1-4-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | വി.രാജീവൻ | 1-4-17 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശ്രീലത.പി | 1-4-2017 മുതൽ 31-3-2018വരെ |
| കൃഷി ഓഫീസർ | ശ്രീ. ഗംഗാധരൻ.എം | 01-04-2017 വരെ31-3-2018 വരെ |
| വി.ഇ.ഒ. 1 | ശ്രീമതി. പത്മലത.വി | 1-4-2017 മുതൽ 12-10-17വരെ |
| | ശ്രീമതി. ജീന.കൃഷ്ണൻ | 13-10-2017 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. അപർണ്ണ | 1-4-2017 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. അജിത് കുമാർ.കെ.സി | 1-4-2017 മുതൽ 31-3-18 വരെ |
| വെറ്റിനറി സർജൻ | ഡോ. മുഹമ്മദ് ബഷീർ | 1-4-2017 മുതൽ 31-3-18 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ചിത്രലേഖ.എ.പി | 1-4-2017 മുതൽ 31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ബീന.പി.പി | 1-4-2017 മുതൽ 31-3-18 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഡി ആൻഡ് ഓ ലൈസൻസ് -അപാകങ്ങൾ | 2-1 |
| 14 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവരിൽ നിന്നും പിഴ ഈടാക്കുന്നില്ല. | 2-2 |

| | | |
|---|---|---|
| 15 | ഇ ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല | 2-3 |
| ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | ഭവനപുനരുദ്ധാരണം(ജനറൽ)-ഗുണഭോക്തൃപട്ടികയിലെ വ്യതിയാനം | 3-1 |
| 17 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-2 |
| 18 | ഗ്രാമസഭയിലൂടെയല്ലാതെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നു | 3-3 |
| 19 | ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ | 3-4 |
| 20 | ജപ്പാൻ കുടിവെള്ള പദ്ധതി:വാട്ടർ അതോരിറ്റി ടാപ്പുകളുടെ ആവശ്യകത പുനർനിർണ്ണയിച്ചിട്ടില്ല | 3-5 |
| 21 | വാഹനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യേണ്ടതാണ് | 3-6 |
| 22 | കന്നുകുട്ടി പരിപാലനം കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല | 3-7 |
| 23 | പെയിൻ & പാലിയേറ്റീവ് - വാഹനവാടക അനുവദിക്കുന്നതിലെ അപാകതകൾ | 3-8 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 24 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 28 | സ്ഥിര നിക്ഷേപം | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 31 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 35 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-1 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-2 |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24-03-17 തീയതിയിലെ 43/17തീരുമാനപ്രകാരം അംഗീകരിച്ചു.വിശദവിവരം ചുവടെ ചേർക്കുന്നു.(പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.)

| | |
|---|---|
| മുന്നിരിപ്പ് | 41120469 |
| വരവ് | 121637000 |
| ആകെ | 162757469 |

| | |
|---|---|
| ചെലവ് | 161752000 |
| നീക്കിയിരിപ്പ് | 1005469 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/07/18 | 15/05/18 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-18 ,23-06-18 | കെ.എസ്.എ.കെ.എൻ.ആർ /സി13/1413/2018 തീ 19-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38053124 |
| വരവ് | 79318592 |
| ആകെ | 117371716 |
| ചെലവ് | 73085301 |
| നീക്കിയിരിപ്പ് | 44286415 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16218000 | 16218000 | 14204920 | 2013080 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3664760 | 3664760 | 3556585 | 108175 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 8996 | 8996 | 8996 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 18654000 | 18654000 | 15414643 | 3239357 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3991000 | 3991000 | 3991000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 7616214 | 7616214 | 7413257 | 202957 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 1237524 | | 1112018 | 125506 |
| സാക്ഷരത | 5053 | 151 | 5204 | 0 | 5204 |
| ദുരിതാശ്വാസനിധി | 3797 | 1113 | 4910 | 0 | 4910 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | 0 | 1081072 | 1081072 | 1081072 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10459 | 616803 | 627262 | 625003 | 2259 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അനുപൂരക പോഷകാഹാരം) | 22775 | 1144565 | 1167340 | 520475 | 646865 |
| എം.പി ഫണ്ട് | 4963 | 189 | 5152 | 0 | 5152 |
| സംസ്ഥാനാവിഷ്കൃത | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1670604 | 3127500 | 4798104 | 1927092 | 2871012 |
| | ജില്ലാ പഞ്ചായത്ത് | 722057 | 5017500 | 5739557 | 1318336 | 4421220 |
| ബി ഫണ്ട് | | 0 | 169543180 | 169543180 | 169543180 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് * | | 0 | 10486113 | 10486113 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 14621899 | 10391735 | 25013634 | 5334073 | 19679561 |
| ട്രഷറി അക്കൗണ്ട് | ‘ | 23172521 | 56357768 | 79530289 | 61179187 | 18351102 |

* 2017-18 വർഷം 10486113 രൂപ വരവുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പ്രത്യേകമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും പ്രത്യേകമായി അക്കൗണ്ടില്ലാത്തതിനാലും വിനിയോഗ വിവരം ലഭ്യമല്ല.

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 113185504 | 165 | 60015200 | ഇല്ല്. | 40 | 80% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ വടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 15 | 3869497 | 3228654 | 83% |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 5 | 5 | 1071650 | 1044440 | 97% |
| അസി.എഞ്ചിനീയർ | 125 | 98 | 66625805 | 35675011 | 54% |
| കൃഷി ഓഫീസർ | 6 | 6 | 11802202 | 4603182 | 39% |
| വി.ഇ.ഒ | 15 | 9 | 12751766 | 3011655 | 24% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 7592850 | 5373692 | 71% |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 6 | 6 | 984000 | 835849 | 85% |
| വെറ്റിനറി സർജൻ | 7 | 6 | 4195000 | 2641483 | 63% |
| മെഡിക്കൽ ഓഫീസർആയുർവ്വേദം | 2 | 2 | 1000000 | 100000 | 100% |
| ഹെഡ് മാസ്റ്റർ | 13 | 11 | 3292734 | 2601234 | 79% |

പദ്ധതി ആസൂത്രണം -അവലോകനം

I. ആസൂത്രണ സമിതി/വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം

പരിയാരം ഗ്രാമ പഞ്ചായത്തിൽ 13അംഗ ആസൂത്രണസമിതിയും 12വർക്കിംഗ് ഗ്രൂപ്പുകളും 20-01-17 ൻെറ 4/17തീരുമാനപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി 4തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്

II. വികസന രേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

III.ഗ്രാമസഭകൾ

പഞ്ചായത്തിൽ ആകെ 18വാർഡുകളാണുള്ളത്. എല്ലാ ഗ്രാമ സഭകളും 4പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

IV.വികസന സെമിനാർ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 6-05-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 150പേർ പങ്കെടുത്തിട്ടുണ്ട് . വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ട്.

V.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി

രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

VI.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

VII.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

പഞ്ചായത്തിന്റെ 11-05-2017 ലെ സാധാരണ യോഗത്തിലെ 59/17(1),(2) നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ യഥാക്രമം തൻവർഷം, സ്പിൽ ഓവർ എന്നിവ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ആയതിന് 31-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

VIII.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത വെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടുള്ളവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

IX.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

2017-18 വർഷത്തെ ആകെ പദ്ധതി ചെലവ് 57997651 രൂപയാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എങ്കിലും അത്തരത്തിലുള്ള മോണിറ്ററിങ് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10459.24 | 616803 | 627262 | 625003 | 2259 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല. | 1081072 | 1081072 | 1081072 | ഇല്ല. |
| ആകെ | 10459.24 | 1697875 | 1708334 | 1706075 | 2259 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85080 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 8943300 | 749 |
| വിധവാപെൻഷൻ | 130009000 | 1098 |
| വാർദ്ധക്യകാലപെൻഷൻ | 25879700 | 1935 |
| വികലാംഗപെൻഷൻ | 4296100 | 370 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 695400 | 61 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2018ന് വൈകിട്ട് 3.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22032രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18വർഷം ആകെ 5തവണ ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം , നികുതി പിരിവ് തുടങ്ങിയ കാര്യങ്ങൾ മീറ്റിംഗുകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എല്ലാമാസവും ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ്

പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-2-2018 മുതൽ 7-2-2018 വരെ | 1-11-2018 മുതൽ 30-11-2018 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.2.2003 മുതൽ 21.2.2003 വരെ. | 1997-98 മുതൽ2001-02 വരെ. | 28-4-2003 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) വസ്തുനികുതി -

a. സഞ്ചയ പ്രകാരമുള്ള അരിയർ ഡിമാന്റ് 2016-17 B-15 പ്രകാരമുള്ള തുകയേക്കാൾ കൂടുതലാണ്.

b. തൻവർഷത്തെ കളക്ഷൻ തുകയും (അരിയർ+കറണ്ട്-ആർ പി 43) സഞ്ചയപ്രകാരമുള്ള തുകയിൽ നിന്ന് വ്യത്യാസമുണ്ട്.

c. I-1 ഷെഡ്യൂളിലും RP 43 യിലും ഗാർഹിക ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ഒരുമിച്ചാണ് ചേർത്തത്. കൂടാതെ റമിഷനുള്ള പ്രൊവിഷൻ I-1(a) ആയി ഉൾപ്പെടുത്തിയിട്ടില്ല.

d. B-15 പ്രാകാരമുള്ള ബാലൻസ് സഞ്ചയപ്രകാരമുള്ള ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

e. സഞ്ചയയിൽ എക്സസ് കളക്ഷനായി രേഖപ്പെടുത്തിയ തുക ഏത് വർഷം ശേഖരിച്ചതാണെന്നും വ്യക്തമല്ല. സോഫ്റ്റ് വെയർ അപാകമാണെന്നാണ് മറുപടി ലൻകിയത്.

2) ഡി&ഒ ലൈസൻസ്

a. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ അഡ്വാൻസ് കളക്ഷനിൽ നിന്നും തൻവർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്ത തുക (41575 രൂപ) ഡിമാന്റിലും കളക്ഷനിലും ഉൾപ്പെടുത്തിയിട്ടില്ല. 2016-17 ൽ B-9 ൽ 327950 രൂപ 2017-18 ൽ RP 43 219963 (രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും കളക്ഷനും ഈ തുകയാണ് ). RP 36- 88600, B 9 -374975 രൂപ (327950+219963+88600-219963=416550, 416550-41575=374975 രൂപ)

3) ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ല.( സചിത്ര സോഫ്റ്റ് വെയറുമായുള്ള

ലിങ്കിംഗ് നടത്തിയിട്ടില്ല). മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി മൂല്യത്തോട് തൻവർഷത്തെ RP-38 പ്രാകാരം വരുന്ന ഫിക്സഡ് അസ്റ്റസ് മൂല്യം കൂട്ടുമ്പോൾ എല്ലാ ഇനങ്ങളിലും തൻവർഷത്തെ B-11 പ്രാകാരമുള്ള മൂല്യം ലഭിക്കുന്നില്ല.

4) ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് ലഭിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുൻവർഷത്തെ ഡിപ്രീസിയേഷൻ I-17(a) പ്രകാരം 19808674 രൂപയും തൻവർഷത്തേത് 7199506 രൂപയുമാണ്. മുൻവർഷം ഡിപ്രീസിയേഷൻ ഇനത്തിൽ ഇത്രയും കൂടുതൽ തുക വരാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷവും 1.9 കോടി രൂപ ഡിപ്രീസിയേഷൻ കാണിച്ചിട്ടുണ്ട്.

5) പി.എസ്.സി ബി അക്കൗണ്ട് നമ്പർ 1887 ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രാകാരമുള്ള അൺക്യാഷ്ഡ് ചെക്ക്സിൽ മൂന്ന് മാസത്തിൽ കൂടുതലായി ക്യാഷാക്കാതെ തുടരുന്ന താഴെ പറയുന്ന ചെക്കുകളും ഉൾപ്പെടുന്നു.

| | |
|---|---|
| 2112444/07-12-17 6937/08-03-16 | 1160+<br>1000 |
| 6812/06-01-16 | 1000 |
| ---/31-03-15 | 156 |
| ---/22-03-16 | 28200 |
| 10853/13-06-17 | 13500 |
| 10829/17-05-17 | 2600 |
| 10775/30-03-17 | 680 |
| 10362/06-03-17 | 5000 |
| 9167/31-03-17 | 27000 |
| 7917/31-03-17 | 354035 |

| | |
|---|---|
| ആകെ | 434331 |

പ്രസ്തുത തുക Liability in respect of sale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

6)ഗവൺമെന്റിലേക്ക് തിരിച്ച് പിടിച്ച തുക- ജനറൽ പർപ്പസ് ഫണ്ട്, സംയുക്ത പദ്ധതികൾക്ക് വേണ്ടിയുള്ള അക്കൗണ്ട് എന്നിവയിൽ നിന്നും സർക്കാരിലേക്ക് മാർച്ച് മാസം തിരിച്ച പിടിച്ച തുക വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിപ്പിച്ചിട്ടില്ല. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡയറക്ട് ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി പ്രസ്തുത തുകയുടെ ചെലവ് ഒഴിവാക്കിക്കൊണ്ടുള്ള തുകയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയത്(RP-40(b)).

7) സംയുക്ത പദ്ധതികൾക്കു വേണ്ടിയുള്ള ടി.എസ്.ബി അക്കൗണ്ട് - റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡയറക്ട് ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തിയ 462358 രൂപ 31-03-18 ന് ക്യാഷ് ചെയ്തതായാണ് ട്രഷറി സ്റ്റേറ്റ്മെന്റിൽ രേഖപ്പെയുത്തിയത്(ചെക്ക് നമ്പർ 2988153/31-03-18)

8) B-9 ഷെഡ്യൂളിൽ നെറ്റ് സാലറി പേയബിൾ ആയി കാണിച്ച തുക 344315 രൂപയും 4/2018 ലെ വൗച്ചറുകൾ പ്രകാരം നൽകിയ തുക 346487 രൂപയുമാണ് (65669+267652+13166). അതുപോലെ തന്നെ പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ എന്ന ഹെഡിൽ 10203 രൂപയുടെ വ്യത്യാസമുണ്ട്. ആയത് കോൺട്രിബ്യൂട്ടറി പെൻഷൻ ഇനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുകയാണെന്ന് അറിയിച്ചു.

Other employee liabilities payable എന്ന ഹെഡിൽ രേഖപ്പെടുത്തിയ 1150148 രൂപ മണൽ വിപണനവുമായി ബന്ധപ്പെട്ട തുകയാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. 2016-17 ലും ഇതേ തുക നീക്കിയിരിപ്പായി ചേർത്തിരുന്നു. മുൻവർഷങ്ങളിൽ ഹെഡ് മാറി പേമെന്റ് നടത്തിയതിനാൽ നീക്കിയിരിപ്പായി വന്നതാണെന്നും അപാകം 2018-19 ൽ പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചു. വിശദമായ പരിശോധനക്ക് ശേഷം പരാമർശം ഒഴിവാക്കുന്നതാണ്.

9) സർക്കാർ ഗ്രാന്റുകൾ RP-7 , സുലേഖ, എ.സി.ആർ എന്നിവ പ്രകാരമുള്ള തുക ചുവടെ ചേർക്കുന്നു. RP-7 ൽ ശരിയായ കണക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | സുലേഖ പ്രകാരം | ആർ.പി 7 |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 14204920 | 14204920 | 14057424 |
| വികസനഫണ്ട് എസ്.സി.പി | 3556585 | 3556585 | 3456585 |

| | | | |
|---|---|---|---|
| | | | |
| വികസനഫണ്ട് ടി.എസ്.പി | 8996 | 8996 | 4648 |

10) വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

11) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിക്കായി വി.ഇ.ഒയുടെ പേരിൽ തുടങ്ങിയ പി.എസ്.സി.ബി യിലെ ആക്കൗണ്ട് നമ്പർ 7124 ൽ നിന്നും 22-09-17 ന് 7500 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവ് വായ്പാ കുടിശ്ശിക നൽകുന്നതിനായി നല്കിയ തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മറുപടിയുടെ ആധികാരികത പരിശോധിച്ച ശേഷം പരാമർശം ഒഴിവാക്കുന്നതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് അപാകങ്ങൾ

1). ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ലഭിക്കുന്ന വരവ് തന്നെ ഡിമാന്റ് ആയി മാറ്റുന്ന പതിവ് രീതി തന്നെയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.വർഷങ്ങളായി ഈ രീതി തന്നെ തുടരുന്നതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡി&ഒ ലൈസൻസ് ഈടാക്കേണ്ടതാണ്.

2).ഡി&ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയ്യതി | വാർഡ് നമ്പർ | വ്യാപാര ഇനം | രശീത് നം./തീയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ആലിക്കഞ്ഞി പി.വി | 28-02-18 | V/254 | റബ്ബർ, റെയിൻകോട്ട് , ബിറ്റുമിൻ നിർമ്മാണം | 117020110140<br>28-02-18 |
| 2 | മൊയ്തീൻക്കുട്ടി പി.പി | 28-02-18 | V/253 | റബ്ബർ റെയിൻ ഗാർഡിനുള്ള പശ നിർമ്മാണം | 117020110142<br>28-02-18 |
| 3 | മുഹമ്മദ് എം.എം | 28-02-18 | IX/234 | പലചരക്ക് | 117020110117<br>22-02-18 |
| 4 | നാനിയിൽ ജനാർദ്ദനൻ | 09-01-18 | XIV/425 | സോഡനിർമ്മിച്ച് വിൽപ്പന | 117020110546<br>09-03-18 |
| 5 | മധുസൂധനൻ പി.വി | 09-03-18 | XVIII/315 | മെറ്റൽ വർക്സ് | 117020110533<br>09-03-18 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയ്യതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു എന്നു മനസ്സിലാക്കാം. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. തുടർ വർഷങ്ങളിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ലൈസൻസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവരിൽ നിന്നും പിഴ ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ 2017-18 വർഷത്തെ പട്ടികളേയും പന്നികളേയും വളർത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 27 നായ്ക്കൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പേവിഷ നിയന്ത്രണം പദ്ധതിയുടെ (പ്രൊജക്ട് നമ്പർ- 70/17-18)ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നടത്തിയ ക്യാമ്പിൽ 201 വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴയൊന്നും തന്നെ ഈടാക്കിയിട്ടില്ല. 1998 ലെ കേരള പഞ്ചായത്ത് രാജ് ( പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ) ചട്ടം 4(1) പ്രകാരം പന്നികളേയോ പട്ടികളേയോ വളർത്തുന്നതിന് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(3) പ്രകാരം അപേക്ഷക്കൊപ്പം പേവിഷ ബാധയ്ക്കെതിരായി കുത്തിവെയ്പ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രവും ഉണ്ടായിരിക്കണം. ചട്ടം 5 പ്രകാരം വീഴ്ച്ച വരുത്തുന്നവരിൽ നിന്ന് 250 രൂപ വരെ പിഴ ഈടാക്കാവുന്നതുമാണ്. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കേണ്ടതും ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നില്ലായെന്ന ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 ഇ-ടെൻഡർ ഫോറം വില ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവർത്തികൾ-ഇ ടെൻഡർ നടത്തിയതിനെ തുടർന്ന് ടെണ്ടർ വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും നാളിതുവരെ ലഭിക്കാനുള്ള തുകയെത്രയെന്നും ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ആയതിനാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക കണക്കാക്കി ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവനപുനരുദ്ധാരണം(ജനറൽ)-ഗുണഭോക്തൃപട്ടികയിലെ വ്യതിയാനം.

ഭവനപുനരുദ്ധാരണം(ജനറൽ) എന്ന പ്രൊജക്ടിൽ (പ്രൊജക്ട് നം.22/18)ആകെ ഗുണഭോക്താക്കളുടെ എണ്ണം വിഭാവനം ചെയ്തിരുന്നത് 18 ആണ്.ഗ്രാമപഞ്ചായത്ത് തീരുമാനം നം.1/2017-18തി.14.8.2017പ്രകാരം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഈ പ്രൊജക്ടിനായി 47ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്.ഈ ഗുണഭോക്തൃപട്ടികയിലും തുടർന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച ഗുണഭോക്തൃപട്ടികയിലും ക്രമനം.6 ആയി കാണിച്ചിരിക്കുന്നത് വാർഡ് നം.6 ലെ ശ്രീ.ഗോവിന്ദൻ കല്ലിങ്കൽ എന്ന ഗുണഭോക്താവിനെയാണ്.എന്നാൽ ശ്രീ.ഗോവിന്ദന്റെ പേര് വാർഡ് നം.6 ലെ ഗ്രാമസഭ അംഗീകരിച്ച അപേക്ഷകരുടെ മുൻഗണനാ പട്ടികയിൽ ഇല്ല.മാത്രമല്ല നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.ക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി

നൽകിയ ഗുണഭോക്തൃപട്ടികയിൽ ശ്രീ.പി.പി.ഗോപാലൻ,പുതിയ പുരയിൽ,നെല്ലിപ്പറമ്പ എന്ന വ്യക്തിയെയാണ് ശ്രീ.ഗോവിന്ദന് പകരമായി ക്രമ നം.6 ൽ ചേർത്തത്. തുടർന്ന് ശ്രീ.ഗോപാലന് ധനസഹായമായി 1,00,000രൂപ നൽകിയിട്ടുമുണ്ട്.(ബിൽ നം.8/17-18 തി.23.1.2018,തുക 50,000 രൂപയും ബിൽ നം.18/17-18 തി.22.3.2018,തുക 19,050 രൂപയും തനത് ഫണ്ടിൽനിന്നും ട്രാൻസ്ഫർ ക്രെഡിറ്റായി 30,950രൂപയും). ശ്രീ.ഗോപാലൻ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചതായുള്ള രേഖ ഫയലിൽ ലഭ്യമല്ല. മാത്രമല്ല ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഒന്നാം നമ്പർകാരിയായ ശ്രീമതി.ശൈലജ.പി.പാലഞ്ഞാട്ട് വീട് എന്ന ഗുണഭോക്താവിന്റെ പേര് തിരുത്തി ഗോപാലന്റെ പേര് എഴുതി ചേർത്തതായുമാണ് കാണുന്നത്.

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് മറുപടിയായി ശ്രീമതി.പി.പി.ശൈലജ എന്നവർ ആനുകൂല്യത്തിന് അർഹയല്ലയെന്ന കാരണത്താൽ ഗ്രാമസഭയിൽ വെച്ചുതന്നെ തിരുത്തൽ വരുത്തിയിരുന്നുവെന്നും ഗ്രാമസഭ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടാത്ത ശ്രീ.ഗോവിന്ദൻ കല്ലിങ്കൽ എന്നയാളുടെ പേര് ഗുണഭോക്തൃ പട്ടികയിൽ വന്നത് ഡാറ്റാ എൻട്രി വരുത്തുമ്പോൾ സംഭവിച്ചുപോയ പിഴവാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഗ്രാമസഭ അംഗീകരിച്ച് നൂറ് മാർക്ക് നേടി ഒന്നാമതെത്തിയ ഗുണഭോക്താവിനെ അയോഗ്യയാണെന്ന് കണ്ടെത്തിയെന്നും ഗ്രാമസഭാ പട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന്റെ പേര് അബദ്ധവശാൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ കയറിക്കൂടിയെന്നതും, സ്വീകാര്യമായ മറുപടിയല്ല. മാത്രമല്ല ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുകപോലും ചെയ്യാതിരുന്ന ശ്രീ.പി.പി.ഗോപാലന്റെ പേര് നിർവ്വഹണ ഉദ്യോഗസ്ഥന് സെക്രട്ടറി നൽകിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റുകയും ചെയ്യപ്പെട്ടുവെന്നത് വിശ്വാസയോഗ്യമായ മറുപടിയുമല്ല.

ഗുണഭോക്തൃ പട്ടിക സുതാര്യമല്ലാതെയും ചട്ടപ്രകാരമല്ലാതെയുമാണ് തയ്യാറാക്കപ്പെടുന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.ഗുണഭോക്തൃപട്ടിക ഗ്രാമസഭ അംഗീകരിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്നുവെന്ന സംശയവും ഇത്തരം തിരുത്തലുകൾ ജനിപ്പിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിസ്ഥാന ആശയങ്ങൾക്ക് തന്നെ വിരുദ്ധമായ ഗുരുതരമായ ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നല്ലയെന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

കെ.എസ്.ഇ.ബി.തളിപ്പറമ്പ സെക്ഷനിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ വിവരിക്കും പ്രകാരം 13,48,250 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തി പൂർത്തീകരിച്ചതായോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായോ കാണുന്നില്ല.

| ക്രമനം. | പ്രവൃത്തിയുടെ പേര്. | തുക. | വൗച്ചർ നം. |
|---|---|---|---|
| 1 | പനങ്ങാട്ടൂർ-ചെറിയൂർ-വട്ടക്കുൽ റോഡ് ലൈൻ | 6,73,950 | 1)21700847തി.3.3.2018( 326844 രൂപ) |

| | | | |
|---|---|---|---|
| | വലിക്കൽ | | 2)2701061തി.23.2.2018(236606രൂപ)<br>3)21701063തി.12.2.2018.(110500 രൂപ) |
| 2 | ഏമ്പേറ്റ്റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ. | 6,74,300 | 1)21701059തി.12.2.2018 (5,00,000 രൂപ)<br>2)21700793തി.16.2.2018(1,74,300രൂപ) |

കൂടാതെ മേൽ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി യുമായി കരാർ ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് കാണിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റും കെ.എസ്.ഇ.ബി യിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽതന്നെ ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും ഫയലിൽ വ്യക്തമല്ല.കെ.എസ്.ഇ.ബി.യിൽനിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതോടൊപ്പം ഭാവിയിൽ ഡെപ്പോസിറ്റ് തുകകൾ നൽകുമ്പോൾ വിശദമായ എസ്റ്റിമേറ്റ്, പൂർത്തീകരണ സമയം ഉൾപ്പെടുന്ന കരാർ ഉടമ്പടി എന്നിവ ഉറപ്പാക്കേണ്ടതാണ്.

## 3-3 ഗ്രാമസഭയിലൂടെയല്ലാതെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി (പ്രൊജക്ട് നം.229/18)ഷിന്റോ നാരായണൻ എന്ന വിദ്യാർത്ഥിക്ക് 4,648 രൂപ ചെലവിട്ട് ഒരു സൈക്കിളും പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽവിതരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി ചക്കി ചപ്പില എന്ന വൃദ്ധക്ക് 4,348 രൂപ ചെലവിൽ ഒരു കട്ടിലും വിതരണം നടത്തിയിട്ടുണ്ട്.ഇവർ ഒരു വീട്ടിൽനിന്നുള്ളവർ തന്നെയാണ്.ഇവർ താമസിക്കുന്ന വാർഡ് 5 ലെ ഗ്രാമസഭയിൽ ഈ പ്രൊജക്ടുകൾക്ക് ഗുണഭോക്താക്കളായി ആരെയും തെരഞ്ഞെടുത്തതായി കാണുന്നില്ല.പകരം ഗ്രമാപഞ്ചായത്ത് തീരുമാനം നം.5(3)തി.28.2.2018 പ്രകാരം ഇവരെ ഗുണഭോക്താക്കളായി നിശ്ചയിക്കുകയാണ് ഉണ്ടായത്. ഇക്കാര്യം ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിന് മറുപടിയായി ഗ്രാമപഞ്ചായത്തിൽ ആകെ ഒരു എസ്.ടി.കുടുംബം മാത്രമേ ഉള്ളൂവെന്നും ആയതിനാൽ ഗ്രാമസഭയിൽ ഗുണഭോക്തൃ വിവരങ്ങൾ അവതരിപ്പിക്കാറില്ലയെന്നുമാണ് മറുപടി ലഭ്യമക്കിയത്. ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 3എ(സി)യിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിൽ ഒറ്റ പട്ടികവർഗ്ഗ കുടുംബം മാത്രമേ ഉള്ളൂവെങ്കിലും ആനുകൂല്യം ലഭിക്കുന്നതിനുള്ള അവരുടെ അർഹത ഗ്രാമസഭയിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ആയതിനാൽതന്നെ വരും വർഷങ്ങളിൽ ഗ്രാമസഭ

മുഖാന്തിരമായിരിക്കണം എസ്.ടി, വിഭാഗത്തിനുള്ള ആനുകൂല്യവിതരണത്തിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ.

പ്രൊജക്ടിന്റെ പേര് :ഭവന പുരനരുദ്ധാരണം (ജനറൽ)

പ്രൊജക്ടിന്റെ നമ്പർ:22/18

ആകെ അടങ്കൽ:1800000രൂപ(വികസന ഫണ്ട് 1169050രൂപ,തനത് ഫണ്ട് 630950 രൂപ)

ഭവന പുനരുദ്ധാരണം (ജനറൽ) എന്ന പ്രൊജക്ടിൽ ആകെ ധനസഹായം കൈപ്പറ്റിയ 18 ഗുണഭോക്താക്കളിൽ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര്. | കൈപ്പറ്റിയ തുക. | ബിൽ നം. |
|---|---|---|---|
| 1 | അനിത എ.വി.അത്തിലാട്ട് വീട് ,പരിയാരം. | 50000 | 8/17-18 തി 23.1.2018 |
| 2 | മാത്യു കല്ലേൻ,കല്ലേൻ ഹൗസ്,കാപ്പുങ്കൽ | 50000 | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം സാമ്പത്തീക ബുദ്ധിമുട്ടാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി. ഗുണഭോക്താക്കൾ ഭവന നിർമ്മാണം എത്രയും പെട്ടന്ന് പൂർത്തീകരിക്കാത്ത പക്ഷം അവർക്ക് നൽകിയ ധന സഹായം തിരികെ ഈടാക്കി പദ്ധതി വിഹിതത്തിലേക്ക് അടവാക്കേണ്ടതാണ്.

## 3-5 ജപ്പാൻ കുടിവെള്ള പദ്ധതി:വാട്ടർ അതോറിറ്റി ടാപ്പുകളുടെ ആവശ്യകത പുനർനിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ 73500 രൂപ അടവാക്കിയിട്ടുണ്ട്.14 ടാപ്പുകളുടെ വെള്ളക്കരം ആണിത്.എന്നാൽ 2017-18 വർഷത്തെ തനതുഫണ്ടിന്റെ പരിശോധനയിൽ അനേകം വീടുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതിന് അനുമതി

വാങ്ങിയതായി കാണുന്നു. ഇത്തരത്തിൽ കുടിവെള്ള കണക്ഷൻ ലഭ്യമായിരിക്കുന്ന വീടുകൾ ഗ്രാമപഞ്ചായത്തിൽ എത്രയുണ്ടെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ ഈ വിധം കുടിവെള്ളം ലഭ്യമായ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ടാപ്പുകൾ ഇനി ആവശ്യമാണോയെന്നതിനെക്കുറിച്ച് വിലയിരുത്തൽ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ജപ്പാൻ കുടിവെള്ള പദ്ധതി ലഭ്യമാവുന്നതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ ടാപ്പുകൾ കുറച്ച് വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കുന്ന തുക പഞ്ചായത്തിന് കുറക്കുന്നതിന് സാധിക്കുമോയെന്നതിന്റെ സാധ്യതകൾ ആരായുന്നതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 വാഹനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്.

പരിയാരം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെ.എൽ -59-A-3617നം ജീപ്പ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ ഇൻഷ്വർ ചെയ്തതായാണ് കാണുന്നത്.(വൗച്ചർ നം.21700970/24.3.2018, 10370 രൂപ)എന്നാൽ 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ് ഇൻഷ്വർ ചെയ്യേണ്ടത്.ആയതിനാൽ ഇനിമുതൽ ഇൻഷ്വറൻസ് പുതുക്കുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തിന്റെ വാഹനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്.

## 3-7 കന്നുകുട്ടി പരിപാലനം കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 66/2018 ,കന്നുകുട്ടി പരിപാലനം

അടങ്കൽ - 10,00,000/-

സംസ്ഥാനാവിഷ്കൃതം-250000/-

വികസനഫണ്ട് -250000/-

ഗുണഭോക്തൃവിഹിതം 500,000/-

ചെലവ്- ബിൽ നമ്പർ 2/21-12-17-2,50,000/-

പ്രോജക്ട് നടപ്പിലാക്കുന്നതിനായി 2,50,000/- പിൻവലിച്ച് ഡെപ്യൂട്ടി ഡയരക്ടർ, എസ്.എൽ.ബി.പി, കണ്ണൂർ എന്നവർക്ക് നൽകിയിട്ടുണ്ട്.(ബേങ്ക് അക്കൗണ്ടിലേക്ക്) തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-8 പെയിൻ & പാലിയേറ്റീവ് - വാഹനവാടക അനുവദിക്കുന്നതിലെ അപാകതകൾ

പരിയാരം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തെ പെയിൻ & പാലിയേറ്റീവ് എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോം കെയർ ടീമിന് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കിടപ്പിലായ രോഗികളെ സന്ദർശനം നടത്തുന്നതിനായി ആവശ്യമായ വാഹനം (ജീപ്പ്) ലഭ്യമാക്കുന്നതിന് ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീധരൻ .എം എന്നയാളുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ജി.ഒ(ആർ.ടി)3217/തസ്വഭവ 29-10-15 ലെ 2.6.5(3) പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരാമാവധി വാഹന വാടക 15KM to 24 KM- 800, 25KM to 34 KM- 900, 35KM to 44KM- 1000, 45 കിലോമീറ്ററിൽ കൂടുതൽ - 1100 എന്നിങ്ങനെയാണ്. വാഹനം സഞ്ചരിച്ച എല്ലാ ദിവസങ്ങളിലും 1100 രൂപ തോതിലാണ് നൽകിയിട്ടുള്ളത്. വാഹനം എത്ര കിലോമീറ്റർ സഞ്ചരിച്ച എന്നതിന് ട്രിപ്പ് ഷീറ്റിലോ, ബന്ധപ്പെട്ട ഫയലുകളിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാഹനം സഞ്ചരിച്ച കിലോമീറ്റർ ഉറപ്പാക്കിയതിനു ശേഷം മാത്രമേ വാഹനവാടകയിനത്തിലുള്ള തുക അനുവദിക്കേണ്ടതുള്ളൂ എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 627500 | നെൽകൃഷി വികസനം, | 627500 | 0 |
| ,2 | ബ്ലോക്ക് പഞ്ചായത്ത് | | 100000 | പാലുൽപാദന ബോണസ്, | 99592 | 408 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | | 700000 | അമ്മാനപ്പാറ ശ്മശാന നവീകരണം | 0 | 700000 |
| 4 | ബ്ലോക്ക് | | 500000 | അമ്മാനപ്പാറ പകൽവീട് | 500000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| 5 | ബ്ലോക്ക് പഞ്ചായത്ത് | | 1200000 | പള്ളിയൂൽ പട്ടികജാതി കോളനി സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം- | 0 | 1200000 |
| 6 | ജില്ലാ പഞ്ചായത്ത് | | 627500 | നെൽകൃഷി വികസനം, | 627500 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | | 42828 | നെൽകൃഷി വികസനം | 42828 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | | 890000 | പാലുൽപാദന ബോണസ് | 684008 | 205992 |
| 9 | ജില്ലാ പഞ്ചായത്ത് | | 3000000 | പള്ളിയൂൽ പട്ടികജാതി കോളനി സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം- | 0 | 3000000 |
| 10 | ജില്ലാ പഞ്ചായത്ത് | | 500000 | പാച്ചേനി കുളം നവീകരണം | 0 | 500000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/വൗച്ചർ നം | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും വാട്ടർ കൺക്ഷൻ | 1719035200--8301206536, 8301206539 | 267700 | 44637 | ഇല്ല | 223063 |
| കെ.എസ് ഇ. ബി | ഏമ്പേറ്റ് മുടിക്കാനം തറോട്ടി കുട്ടിക്കാനം റോഡിൽ സ്ട്രീറ്റ് ലൈൻ | 21701059/12.02-18, 21700793, 16-02-18 1719035200--7701003377 | 730300 | 674300 | ഇല്ല | 56000 |
| കെ.എസ് ഇ. ബി | പനങ്ങാട്ടൂർ ചെറിയൂർ വട്ടക്കുൽ റോഡ്സ്ട്രീറ്റ് ലൈൻ | 21700847/3-03-18, 1719035200--7701057082, 1719035200--770057086 | 674000 | 673950 | ഇല്ല | 0 |
| കെ.എസ് ഇ. ബി | അംഗൻ വാടിക്ക് വൈദ്യുത കണക്ഷൻ | 21700792/16-02-18 | 174097 | 174097 | പൂർത്തീകരിച്ചു | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ.എസ് ഇ. ബി | കാര്യാമ്പലം തലോറ എ.കെ.ജി. റോഡ് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700824/26-02-18 /21700882,12-03-18 | 65000 | 45193 | പൂർത്തീകരിച്ചു | 19807 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ- | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവൃത്തി പൂർത്തികരിക്കുന്നതിൽ കാലതാമസം | പരിഗണനയിൽ |
| 2014-15 | 2-1 | 2016-17 | ഖ.1 | വസ്തു നികുതി | |
| | 2-2 | “ | ഖ.2 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79318592 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73085301 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 5 |
| 1999-00 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 3 |
| 2003-04 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 10 |
| 2004-05 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 5 |
| 2005-06 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 3 |
| 2006-07 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 1 |
| 2007-08 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 5 |

| | | |
|---|---|---|
| 2008-09 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 10 |
| 2009-10 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 10 |
| 2010-11 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 17 |
| 2001-12 & 2012-13 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 10 |
| 2013-14 & 2014-15 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 10 |
| 2015-16 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/559/17, തീ.12-12-17 | 14 |
| 2016-17 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/1846/2017,തീ. 02-05-18 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3/29/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 01.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF PARIYARAM GRAMA PANCHAYAT FOR THE PERIOD FROM 01-04-17 TO 31-03-18

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 37,986,959<br>66,165 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,194,010 |
| 140000000 | Fees & User Charges | RP-4 | 838,587 |
| 150000000 | Sale & Hire Charges | RP-5 | 528,682 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56,457,768 |
| 171000000 | Interest Earned | RP-9 | 452,966 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12,469,089 |
| 350000000 | Other Liabilities | RP-36 | 191,009 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 5,613 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 262,587 |
| 350000000 | Other Liabilities | RP-36 | 352,407 |
| 431000000 | Sundry Debtors (Receivables) | RP-43 | 6,509,469 |
| 460000000 | Loans, Advances and Deposits | RP-47 | 56,405 |
| Grand Total | | | 117,371,716 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3,008,547 |
| 220000000 | Administrative Expenses | RP-12 | 3,577,263 |
| 230000000 | Operations & Maintenance | RP-13 | 550,088 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7,377,997 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12,562,674 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4,370,413 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 424,000 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 429,475 |
| 255000000 | Maintance Projects | RP-20 | 9,706,753 |
| 280000000 | Prior Perid Items | RP-26 | -6,889 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 212,951 |
| 350000000 | Othes Liabilities | RP-36 | 4,000,768 |
| Non Operating | | | |
| 240000000 | Interest & Finance Charge | RP-14 | 47,864 |
| 280000000 | Prior Period Item | RP-26 | -2500 |
| 340000000 | Deposits Received | RP-34 | 152,565 |
| 350000000 | Other Liabilities | RP-36 | 2,224,749 |
| 410000000 | Fixed Assets | RP-38 | 8,371,061 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | RP-40 | 15,863,062 |
| 430000000 | Stock-in-hand | RP-42 | 0.00 |
| 460000000 | Loans, Advances and Deposits | RP-47 | 214,460 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 44,221,414<br>65,001 |
| Grand Total | | | 117,371,716 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF PARIYARAM GRAMA PANCHAYAT FOR THE PERIOD FROM 01-04-17 TO 31-03-18

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7,490,481 |
| 140000000 | Fees & User Charges | I-4(b) | 1,100,125 |
| 150000000 | Sale & Hire Charges | I-5(b) | 528,682 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 96,710,278 |
| 171000000 | Interest Earned | I-8 | 452,966 |
| A | Total Income | | 106,282,532 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8,948,663 |
| 220000000 | Administrative Expenses | I-11(b) | 3,577,263 |
| 230000000 | Operations & Maintenance | I-12(b) | 551,275 |
| 240000000 | Interest & Finance Charges | I-13 | 47,864 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 10,395,268 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 9,644,728 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 4,271,034 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 424,000 |
| 254000000 | Expen.of Transferrred Institutions & State Spon. Schems<br>( not included under Decentralised plan programme) | I-14(d) | 53,244,875 |
| 255000000 | Maintance Projects | I-14(e) | 9,706,753 |
| 272000000 | Depreciation | I-17(a) | 7,199,506 |
| B | Total Expenditure | | 108,011,283 |
| C=A-B | Gross Surplus / Defict Income over Expenditure | | (1,728,751) |
| D= 280000000 | Prior Period Item | I-18 | (166,603) |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (1,562,148) |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF PARIYARAM GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | (1373646.77) |
| 311000000 | Earmarked Funds | B-2 | 8410 |
| 312000000 | Reserves | B-3 | 102834325 |
| | Total Reserve & Surplus | | 101469088.23 |

| | | | |
|---|---|---|---|
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 9473272.82 |
| | Total Grants,Contribution for specific purposes | | 9473272.82 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 958221.95 |
| 350000000 | Other Liabilities | B-9 | 2760788 |
| | Total Current Liabilities and Provisions | | 3719009.95 |
| | TOTAL LIABILITIES | | 114661371 |
| | ASSETS | | |
| | Current liabilitiesand provisions | | |
| 432000000 | Accumulated provisions against Debtors (Receivables) | B-15(a) | 0.00 |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 119545155 |
| 411000000 | Accumulated Depreciation | B-11 | (50788914) |
| 412000000 | Capital Work In Progress | B-11(a) | 1049731 |
| | Total Fixed Assets | | 69805954 |
| | Investments | | |
| 420000000 | Investments | B-12 | 20000 |
| | Total investments | | 20000 |
| | Current Assets,Loans and Advances | | |
| 430000000 | Stock in hand | B-14 | 0.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 175998 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 44286415 |
| 460000000 | Loans, Advances and Deposits | B-18 | 373004 |
| | Total Current Assets,Loans and Advances | | 44835417 |
| | TOTAL ASSETS | | 114661371 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.